"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ക്ഷീരവികസന വകുപ്പ് - വാർഷിക പദ്ധതി -2024-25 - ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാനായി തെരഞ്ഞെടുത്തിരിക്കുന്ന 40 പഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

**G.O.(Rt)No.162/2024/DD** തീയതി,തിരുവനന്തപുരം, **21-11-2024**

---

പരാമർശം:- **1. 12.06.2024** ലെ സ.ഉ(സാധാ) നം.**78/2024**/ഡിഡി നമ്പർ ഉത്തരവ്

**2.** ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ **16.10.2024** ലെ **DDDKER/1647/2024-D3** നമ്പർ കത്ത്.

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയായ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി **2024-'25** സാമ്പത്തിക വർഷം "ക്ഷീരഗ്രാമം" ഘടക പദ്ധതി നടപ്പിലാക്കുവാൻ പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

**(2) 54**-ൽ പരം ഗ്രാമപഞ്ചായത്തുകൾ ക്ഷീരഗ്രാമം പദ്ധതിക്കായി തുക വകയിരുത്തിയെന്ന വിവരം **14** ജില്ലകളിൽ നിന്നും അറിയിച്ച സാഹചര്യത്തിൽ ടി അപേക്ഷകൾ പരിശോധിച്ച് അർഹതാ/മുൻഗണന മാനദണ്ഡങ്ങൾ പ്രകാരം **40** ഗ്രാമഞ്ചായത്തുകളെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും നിലവിൽ പ്ലാൻ ഫണ്ടിൽ **50 %** കുറവ് വന്ന സാഹചര്യത്തിൽ **25** ലക്ഷം രൂപ വകുപ്പ് നൽകുന്നതിന് പകരമായി തെരഞ്ഞെടുത്ത **40** ഗ്രാമപഞ്ചായത്തുകൾക്കും ക്ഷിരഗ്രാമം പദ്ധതിക്കായി തുക

വകയിരുത്തിയതിന് ആനുപാതികമായി അതേ നിരക്കിലുള്ള തുക നൽകുന്നതിനും ടി 40 ഗ്രാമപഞ്ചായത്തുകളുടെ പട്ടികയും അംഗീകാരത്തിനായി പരാമർശം(2) പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം പരിശോധിക്കുകയും 2024-25 സാമ്പത്തിക വർ ഷം ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയായ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി,നിലവിൽ പ്ലാൻ ഫണ്ടിൽ 50 % കുറവ് വന്ന സാഹചര്യം കണക്കിലെടുത്ത് കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന 40 ഗ്രാമപഞ്ചായത്തുകൾക്ക് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | നിയോജക മണ്ഡലം | ബ്ലോക്ക് | പഞ്ചായത്ത് | ക്ഷീരവികസന വകുപ്പിന്റെ ഫണ്ട് (ലക്ഷം) | പദ്ധതിയ്ക്കായി പഞ്ചായത്ത് അനുവദിക്കുന്ന വികസന ഫണ്ട് (ലക്ഷം) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | വർക്കല | വർക്കല | ഇലകമൺ | 19.5 | 19.5 |
| 2 | | വർക്കല | വർക്കല | വെട്ടൂർ | 10 | 10 |
| 3 | | ചിറയിൻകീഴ് | കഴക്കൂട്ടം | മംഗലപുരം | 10 | 10 |
| 4 | | കോവളം | അതിയന്നൂർ | കോട്ടുകാൽ | 10 | 10 |
| 5 | കൊല്ലം | ചടയമംഗലം | ചടയമംഗലം | ചടയമംഗലം | 10.2 | 10.2 |
| 6 | | കൊല്ലം | ചിറ്റുമല | പാണയം | 10 | 10 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 7 | | കൊല്ലം | ചിറ്റുമല | തൃക്കരുവ | 10 | 10 |
| 8 | | കുണ്ടറ | മുഖത്തല | നെടുമ്പന | 10 | 10 |
| 9 | പത്തനംതിട്ട | അടൂർ | പറക്കോട് | ഏഴംകുളം | 10 | 10 |
| 10 | | തിരുവല്ല | കോയിപ്പുറം | ഇരവിപേരൂർ | 10 | 10 |
| 11 | ആലപ്പുഴ | ആലപ്പുഴ | ആര്യാട് | മാരാരിക്കുളം സൗത്ത് | 10 | 10 |
| 12 | | മാവേലിക്കര | ഭരണിക്കാവ് | നൂറനാട് | 10 | 10 |
| 13 | | ചെങ്ങന്നൂർ | ചെങ്ങന്നൂർ | ബുധനൂർ | 10 | 10 |
| 14 | | കായംകുളം | മുതുകുളം | പത്തിയൂർ | 10 | 10 |
| 15 | | മാവേലിക്കര | ഭരണിക്കാവ് | പാലമേൽ | 10 | 10 |
| 16 | | കായംകുളം | മുതുകുളം | കൃഷ്ണപുരം | 10 | 10 |
| 17 | | മാവേലിക്കര | ഭരണിക്കാവ് | ചുനക്കര | 10 | 10 |
| 18 | കോട്ടയം | ചങ്ങനാശ്ശേരി | വാഴൂർ | വെള്ളാവൂർ | 17.7 | 17.7 |
| 19 | | കടുത്തുരുത്തി | കടുത്തുരുത്തി | കടുത്തുരുത്തി | 10 | 10 |
| 20 | | ചങ്ങനാശ്ശേരി | മാടപ്പള്ളി | തൃക്കൊടിത്താനം | 10 | 10 |

| | | | | | | |
|---|---|---|---|---|---|---|
| **21** | ഇടുക്കി | ഇടുക്കി | ഇടുക്കി | കഞ്ഞിക്കുഴി | **10** | **10** |
| **22** | | ഇടുക്കി | ഇടുക്കി | വാഴത്തോപ്പ് | **10** | **10** |
| **23** | എറണാകുളം | പെരുമ്പാവൂർ | കൂവപ്പടി | വേങ്ങൂർ | **10** | **10** |
| **24** | തൃശ്ശൂർ | പുതുക്കാട് | ചേർപ്പ് | വല്ലച്ചിറ | **10** | **10** |
| **25** | | ഇരിങ്ങാലക്കുട | ഇരിഞ്ഞാലക്കുട | മുറിയാട് | **10** | **10** |
| **26** | | വടക്കാഞ്ചേരി | പുഴയ്ക്കൽ | കൈപറമ്പ | **10** | **10** |
| **27** | പാലക്കാട് | പട്ടാമ്പി | പട്ടാമ്പി | വിലയൂർ | **10** | **10** |
| **28** | | കൊങ്ങാട് | മണ്ണാർക്ക ാട് | തച്ചംപ്പാറ | **10** | **10** |
| **29** | | ഒറ്റപ്പാലം | മണ്ണാർക്ക ാട് | തച്ചനാട്ടുക്കര | **10** | **10** |
| **30** | മലപ്പുറം | ഏറനാട് | അരീക്കോട് | ഉർങ്ങാട്ടിരി | **10** | **10** |
| **31** | | മഞ്ചേരി | വണ്ടൂർ | പാണ്ടിക്കാട് | **10** | **10** |
| **32** | കോഴിക്കോട് | നാദാപുരം | തുണേരി | വാളയം | **10** | **10** |
| **33** | | പേരാമ്പ്ര | പേരാമ്പ്ര | ചെങ്ങരോത്ത് | **10** | **10** |
| **34** | | തിരുവമ്പാടി | കൊടുവളളി | കൂടരഞ്ഞി | **10** | **10** |
| **35** | വയനാട് | സുൽത്താൻ | സുൽത്താ | നെന്മണി | **10** | **10** |

| | | | | | | |
|---|---|---|---|---|---|---|
| | | ബത്തേരി | ൻ ബത്തേരി | | | |
| **36** | | സുൽത്താൻ ബത്തേരി | പനമരം | പൂത്താടി | **10** | **10** |
| **37** | കണ്ണൂർ | കല്യാശ്ശേരി | കല്യാശ്ശേരി | ചെറുതാഴം | **10** | **10** |
| **38** | | തലശ്ശേരി | പാനൂർ | കതിരൂർ | **10** | **10** |
| **39** | | ഇരിക്കൂർ | തളിപറമ്പ് | ആലംകോട് | **10** | **10** |
| **40** | കാസർഗോഡ് | കാഞ്ഞങ്ങാട് | പരപ്പ | പനത്തടി | **10.2** | **10.2** |
| | **ആകെ 40 ഗ്രാമപഞ്ചായത്തുകൾ** | | | | **417.6** | **417.6** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHIBU A T**

**ADDITIONAL SECRETARY**

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 21-11-2024 12:44:46

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

നം.DDDKER/1647/2024-D3

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം – 695 004
ഫോൺ: 0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി : 22/11/2024

ഡയറക്ടർ

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം:- ക്ഷീരവികസന വകുപ്പ്- വാർഷിക പദ്ധതി 2024-25-മിൽക്ക് ഷെഡ് വികസന പദ്ധതി -ക്ഷീരഗ്രാമം 2024-25 - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1) സംസ്ഥാന വാർഷിക പദ്ധതി 2024-25
2) 12.06.2024 ലെ സ.ഉ.(സാധാ) 78/2024/ഡിഡി നമ്പർ ഉത്തരവ്
3) മിൽക്ക് ഷെഡ് വികസന പദ്ധതി 2024-25 അംഗീകരിച്ച DPR
4) 21.11.2024 ലെ സ.ഉ.(സാധാ) 162/2024/ഡിഡി നമ്പർ ഉത്തരവ്

വാർഷിക പദ്ധതി 2024-25-മിൽക്ക് ഷെഡ് വികസന പദ്ധതിയിലുൾപ്പെടുത്തി ക്ഷീരഗ്രാമം എന്ന പദ്ധതി ഘടകത്തിലെ ഗുണഭോക്തൃ ഗ്രാമപഞ്ചായത്തുകളെ സൂചന (4) ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിന്റെ പകർപ്പ് ഇതിനൊടോപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തുകളെ തെരെഞ്ഞെടുത്ത ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ രേഖാമൂലം നൽകുവാൻ ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.
2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ(സൂചന ഉത്തരവിനും, DPR വ്യവസ്ഥകൾക്കും അനുസൃതമായി) ബ്ലോക്കുതല ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.
3. ക്ഷീരഗ്രാമം പദ്ധതി സംബന്ധിച്ച് ആവശ്യമായ പ്രചാരണം അച്ചടി/ ദൃശ്യ /ശ്രവ്യ മാധ്യമങ്ങളിലൂടെ നൽകേണ്ടതാണ്.
4. ബ്ലോക്കുതല ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം ജില്ലയിലെ അസിസ്റ്റന്റ് ഡയറക്ടർമാർക്ക് രേഖാമൂലം നൽകേണ്ടതാണ്.
5. ഒരു ജില്ലയിൽ ഒന്നിൽ കൂടുതൽ ക്ഷീരഗ്രാമങ്ങൾ നടത്തുന്ന പക്ഷം ആയത് അസിസ്റ്റന്റ് ഡയറക്ടർക്കും, ക്വാളിറ്റി കൺട്രോൾ ഓഫീസറിനുമായി ചുമതല വീതിച്ച് നൽകേണ്ടതാണ്.
6. ഗവൺമെന്റ് ഉത്തരവിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ.
7. തൻവർഷം ക്ഷീരഗ്രാമ പദ്ധതിയ്ക്കായി കുറഞ്ഞത് 10 ലക്ഷം രൂപ എങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ.
8. ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ റിവിഷനുശേഷം 10 ലക്ഷം രൂപയിൽ താഴെ മാത്രം ടി പദ്ധതിയ്ക്കായി വിഹിതം നിജപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ പദ്ധതി നടത്തിപ്പിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിലും, ഈ ഓഫീസിലും നൽകേണ്ടതാണ്.
9. ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുമ്പോൾ വകുപ്പ് അനുവദിക്കുന്ന ഫണ്ടിന്റെ 70 ശതമാനം തുകയെങ്കിലും ഉരുക്കളെ വാങ്ങിക്കുന്നതിനായി ഉപയോഗിക്കേണ്ടതാണ്.

10. 2024-25 വർഷത്തെ ക്ഷീരഗ്രാമം പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.
11. ക്ഷീരഗ്രാമം പദ്ധതി സംബന്ധിച്ച വിവരങ്ങൾ ക്ഷീരശ്രീ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനായി ചുവടെ പറഞ്ഞിരിക്കുന്ന വിവരങ്ങൾ നിശ്ചിത പെർഫോർമയിൽ, ഈ ഓഫീസിലേയ്ക്ക് **28.11.2024 ഉച്ചയ്ക്ക് 2 മണിയ്ക്ക് മുമ്പായി** dairyddplg@gmail.com, projectcellddd@gmail.com എന്നീ അഡ്രസ്സുകളിലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്.

**ക്ഷീരഗ്രാമം പദ്ധതി 2024-25**
**പ്രൊഫോർമ**

1. ജില്ല :
2. ക്ഷീരവികസന യൂണിറ്റിന്റെ പേര് :
3. ക്ഷീരഗ്രാമം നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ പേര് :
4. ക്ഷീരവികസന ഓഫീസറിന്റെ പേര്: :
   ഫോൺ നം. :
   ഇ-മെയിൽ ഐ.ഡി :
5. പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് :
   തസ്തിക :
   ഫോൺ നം. :
   ഇ-മെയിൽ ഐ.ഡി :

| ക്രമ നം. | പദ്ധതി ഘടകം | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം | റിമാർക്സ് |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | ആകെ | | | |

**കുറിപ്പ് : -** ഓരോ ക്ഷീരഗ്രാമം പദ്ധതിക്കും പ്രത്യേകം ഷീറ്റുകൾ ഉൾപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**ഡയറക്ടർ**

**ഉള്ളടക്കം : സൂചന 4**

**പകർപ്പ് :**

1. ജോയിന്റ് ഡയറക്ടർ - പ്ലാനിംഗ് / ജനറൽ / സ്റ്റേറ്റ് ഡെയറി ലാബ്
2. ഡെപ്യൂട്ടി ഡയറക്ടർ - ജനറൽ /പ്ലാനിംഗ് /എക്സ്റ്റൻഷൻ/ഐ ടി & ഇ- ഗവർണൻസ്
3. പ്രോജക്റ്റ് സെൽ
4. ശേഖര സഞ്ചയം